REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി അഞ്ചുരാഷ്ട്രങ്ങളിലെ സന്ദർശനത്തിന് ശേഷം ന്യൂഡൽഹിയിൽ തിരിച്ചെത്തി.**
- **രാജ്യത്ത് മികച്ച കായിക സംസ്കാരം വളർന്നു വരികയാണെന്ന് കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ.**
- **കേന്ദ്ര മന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ നാളെ രാത്രി തിരുവനന്തപുരത്ത് എത്തും.**
- **കോട്ടയം മെഡിക്കൽ കോളേജിലെ കെട്ടിടം തകർന്ന് മരിച്ച ബിന്ദുവിന്റെ കുടുംബത്തിന് സംസ്ഥാന ഗവൺമെന്റ് 10 ലക്ഷം രൂപ അനുവദിച്ചു.**
- **ഇന്ത്യ - ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന് ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്ക് ലോർഡ്സിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി അഞ്ചുരാഷ്ട്ര സന്ദർശനത്തിന് ശേഷം ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഘാന, ട്രിനിഡാഡ് & ടൊബാഗോ, അർജ്ജന്റീന, ബ്രസീൽ, നമീബിയ രാഷ്ട്രതലവന്മാരുമായി പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ ഇന്ത്യയുമായി ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. റിയോ ഡി ജനീറോയിലെ ബ്രിക്സ് ഉച്ചകോടിയിൽ നരേന്ദ്രമോദി വിവിധ വിഷയങ്ങളിലെ നിലപാടുകൾ വ്യക്തമാക്കി. ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായി ബന്ധങ്ങളും സഹകരണവും ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടായിരുന്നു പ്രധാനമന്ത്രിയുടെ സന്ദർശനം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രാജ്യത്ത് മികച്ച കായിക സംസ്കാരം വളർന്നു വരികയാണെന്ന് കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ പറഞ്ഞു. തിരുവനന്തപുരം കാര്യവട്ടം ലക്ഷ്മീഭായ് നാഷണൽ ഫിസിക്കൽ ഏജ്യൂക്കേഷൻ കോളജിൽ നിർമ്മിച്ച പുതിയ മെഡിക്കൽ സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി.

മികച്ച കായിക താരങ്ങളെ വാർത്തെടുക്കാൻ തിരുവനന്തപുരത്തെ സായി കേന്ദ്രത്തിന് കഴിഞ്ഞതായും അവർ അറിയിച്ചു.

മികച്ച കായികതാരങ്ങൾ, പരിശീലകർ തുടങ്ങിയവരെ കേന്ദ്ര സഹമന്ത്രി ആദരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് കളരിപ്പയറ്റ്, തായ്ക്വോണ്ടോ, യോഗ, വോളിബോൾ എന്നിവയുടെ പ്രദർശനവും ഉണ്ടായിരുന്നു.

✪✪✪

ഗുരുപൂർണിമദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി എല്ലാവർക്കും ആശംസ നേർന്നു. സാമൂഹിക മാധ്യമ കുറിപ്പിലാണ് അദ്ദേഹം ആശംസ അറിയിച്ചത്.

✪✪✪

കേന്ദ്ര മന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ നാളെ രാത്രി തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ BJP യുടെ പുതിയ സംസ്ഥാന കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന അമിത്ഷാ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ പുത്തരിക്കണ്ടം മൈതാനത്ത് അഭിസംബോധന ചെയ്യും. BJP സംസ്ഥാന നേതൃയോഗത്തിലും അമിത്ഷാ പങ്കെടുക്കും.

മറ്റന്നാൾ തിരുവനന്തപുരത്തെ പരിപാടികൾ പൂർത്തിയാക്കിയ ശേഷം വൈകിട്ട് അമിത് ഷാ തളിപ്പറമ്പ് ശ്രീരാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തും. ദർശനത്തിനുശേഷം അദ്ദേഹം ഡൽഹിക്ക് മടങ്ങും.

✪✪✪

ഗുജറാത്തിലെ ഗംഭീരാപാലം തകർന്ന് മരിച്ചവരുടെ എണ്ണം 12 ആയി. ഇന്ന് മൂന്ന് മൃതദേഹങ്ങൾ കൂടി കണ്ടെടുത്തു. നിരവധി വാഹനങ്ങൾ പാലം തകർന്ന് മഹിസാഗർ നദിയിൽ ഒഴുകിപോയി. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്.

✪✪✪

ന്യൂഡൽഹിയിൽ രാവിലെ നേരിയ ഭൂചലനമുണ്ടായി. റിക്ടർ സ്കെയിലിൽ 4.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം ഹരിയാനയിലെ  ജജ്ജാറായിരുന്നു.

✪✪✪

കേരള സർവകലാശാലയിലേക്ക് DYFI യും AISF ഉം നടത്തിയ മാർച്ചിൽ സംഘർഷമുണ്ടായി. സർവകലാശാല ആസ്ഥാനത്തേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകർക്ക് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

കേരള സർവകലാശാലയിൽ മിനി കാപ്പനെ രജിസ്ട്രാറായി നിയമിച്ച ഉത്തരവ് വൈസ് ചാൻസലർ കൈമാറി. എന്നാൽ വി.സി-യും മിനി കാപ്പനും സർവകലാശാലാ ഓഫീസിൽ എത്തിയിട്ടില്ല.

✪✪✪

പാലക്കാട് ജില്ലയിലെ നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തച്ചനാട്ടുകര കിഴക്കുമ്പുറത്ത് കേന്ദ്രസംഘം പരിശോധന നടത്തി. സെപ്റ്റംബർ മാസം വരെ നിപ കലണ്ടർ പ്രകാരം പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിന്റെ നിർദ്ദേശം.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....

........വോയ്സ്.....

പൂനൈ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഐ.സി.എം.ആർ എന്നിവിടങ്ങളിൽ നിന്നുള്ള സംഘമാണ് പ്രദേശത്ത് പരിശോധന നടത്തുന്നത്. രോഗ ഉറവിടം കണ്ടെത്തുന്നതിനായി പ്രദേശത്തെ വവ്വാലുകളുടെ സ്രവം രക്തം എന്നിവ പരിശോധനയ്ക്ക് എടുക്കും.ഇതിനായി വവ്വാലുകളെ പിടിക്കാനുള്ള പ്രതേക സംഘം പൂനയിൽ നിന്ന് എത്തും.വവ്വാൽ സാന്നിധ്യമുള്ള എല്ലാ ഇടങ്ങളിലും  പരിശോധന നടത്തുന്ന . കേന്ദ്ര സംഘം മൂന്ന് ദിവസം സ്ഥലത്ത് ക്യാമ്പ് ചെയ്യും.ഇതിനിടെ നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചവരുടെ എല്ലാം പരിശോധനാ ഫലം നെഗറ്റിവ് ആയത് ജില്ലയ്ക്ക് ആശ്വാസമായി.നിലവിൽ ജില്ലയിൽ  177 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്.

✪✪✪

കീം റാങ്ക് പട്ടിക റദ്ദാക്കിയതിനെതിരെ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇന്ന് പരിഗണിക്കും. ഗവൺമെന്റിന്റെ അഭ്യർത്ഥന മാനിച്ചാണ് നടപടി.

പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് കാണിച്ചാണ് സിംഗിൽ ബഞ്ച് റാങ്ക് ലിസ്റ്റ് റദ്ദാക്കിയത്. കേരള സിലബസ് വിദ്യാർത്ഥികളുടെ, മാർക്ക് ഏകീകരണ ഫോർമുല ചോദ്യം ചെയ്തായിരുന്നു ഹർജി.

✪✪✪

കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടം ഇടിഞ്ഞുവീണ് മരിച്ച വൈക്കം തലയോലപ്പറമ്പ് സ്വദേശി ബിന്ദുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10 ലക്ഷം രൂപ അനുവദിച്ചു. മന്ത്രിസഭാ യോഗത്തിന്റേതാണ് തീരുമാനം.

ബിന്ദുവിന്റെ മകൻ നവനീതിന് ഉചിതമായ ജോലി നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ശുപാർശ ചെയ്യാനും  തീരുമാനിച്ചു.

✪✪✪

സംസ്ഥാന കയർ കോർപ്പറേഷൻ നടപ്പു സാമ്പത്തിക വർഷം 176 കോടി രൂപയുടെ വിറ്റുവരവും ലാഭവും നേടിയതായി മന്ത്രി P രാജീവ് അറിയിച്ചു. വാൾമാർട്ടുമായി ധാരണയിലെത്തി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കോർപ്പറേഷന് കഴിഞ്ഞതായി മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. ഫ്രാൻസ്, നെതർലാന്റ്സ്, അമേരിക്ക, ബ്രസീൽ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി കയറ്റുമതി ആരംഭിക്കുന്നതിനും കയർ കോർപ്പറേഷന് കഴിഞ്ഞതായി P. രാജീവ് വ്യക്തമാക്കി.

✪✪✪

അടിയന്തരാവസ്ഥ ഇരുണ്ട കാലമാണെന്ന ഡോ. ശശിതരൂരിന്റെ പ്രസ്താവനയ്ക്ക് മറുപടി പറയേണ്ടത് കോൺഗ്രസ് ദേശീയ നേതൃത്വമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ ആളല്ലെന്ന് നേരത്തെ വ്യക്തമാക്കിയതാണെന്നും സതീശൻ മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

അടിയന്തരാവസ്ഥയെ സംബന്ധിച്ച ചർച്ചയ്ക്ക് ഇപ്പോൾ പ്രസക്തിയില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ അഭിപ്രായപ്പെട്ടു. എന്തുകൊണ്ട് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുവെന്ന് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്ന് ഡോ. ശശി തരൂരിന്റെ പ്രസ്താവനയ്ക്ക് മറുപടിയായി K. മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

UDF നേതൃയോഗം ഇന്ന് കൊച്ചിയിൽ ചേരും. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് വിജയത്തിന് ശേഷം ചേരുന്ന ആദ്യ യോഗമാണ് ഇന്നത്തേത്. തദ്ദേശ ഭരണ തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങളാണ് യോഗത്തിന്റെ പ്രധാന അജണ്ട. നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് മുന്നണി വിപുലീകരിക്കുന്ന കാര്യവും യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല കണ്ണൂർ തളിപ്പറമ്പിൽ ആരംഭിച്ചു. PIB കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ V. പളനിച്ചാമി ഉദ്ഘാടനം ചെയ്തു.

വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി KO ശശിധരൻ....

........വോയ്സ്.........

കേന്ദ്ര ഗവണ്മെന്റിന്റെ വിവിധ പദ്ധതികളെക്കുറിച്ച് പ്രാദേശിക പത്രപ്രവർത്തകർക്ക് അറിവ് പകരുക എന്ന ലക്ഷ്യത്തോടെയാണ് പിഐബി വിവിധ ജില്ലകളിൽ ശില്പശാല സംഘടിപ്പിക്കുന്നത്. തളിപ്പറമ്പ് പ്രസ് ഫോറം, സിബിസി കണ്ണൂർ എന്നിവയുമായി ചേർന്ന സംഘടിപ്പിച്ച ശില്പശാലയിൽ രാവിലെ വികസനം സാധ്യമാക്കൽ, ബാങ്കുകൾ വഴി ' എന്ന വിഷയത്തിൽ കണ്ണൂർ കാനറ ബാങ്ക് മാനേജർ ഡോ കെ. എസ്ര. ര്ഞ്ജി ത് ക്ലാസ്സ് എടുത്തു.

അസിസ്റ്റന്റ് കളക്ടർ എഹ്തെദ മുഫസിർ തളിപ്പറമ്പ് പ്രസ് ഫോറം പ്രസിഡന്റ് എം കെ മനോഹരൻ നടത്തി. പദ്മശ്രീ ഇ.പി.നാരായണൻ പെരുവണ്ണാൻ, മുതിർന്ന മാധ്യമ പ്രവർത്തകനായ വി ബി പരമേശ്വരൻ എന്നിവരെ ആദരിച്ചു.

'വികസനോന്മുഖ പത്രപ്രവർത്തനം, കഴിഞ്ഞ 11 വർഷത്തെ കേന്ദ്ര സർക്കാർ പദ്ധതികളുടെ അവലോകനം,' 'വ്യാജ വാർത്തകൾ, തെറ്റായ വിവരങ്ങൾ, വസ്തുതാ പരിശോധന എന്നിവയിൽ സോഷ്യൽ മീഡിയയുടെ പങ്ക്' എന്ന വിഷയത്തിൽ മലയാള മനോരമ ചീഫ് സബ് എഡിറ്റർ സാബു ടി ജോൺ ക്ലാസ് നയിക്കും .

പിഐബി കൊച്ചി അസിസ്റ്റന്റ് ഡയറക്ടർ ലക്ഷ്മിപ്രിയ എസ് എസ് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കും. കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ യൂണിറ്റുകളിലെ മറ്റ് പ്രതിനിധികളും ചടങ്ങിനെ അഭിസംബോധന ചെയ്യും. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികളെ കുറിച്ച് പദ്ധതി ഗുണഭോക്താക്കൾ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കും.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന് ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്ക് ലോർഡ്സിൽ തുടക്കമാകും. അഞ്ച് മത്സര ആൻഡേഴ്സൺ ടെൻഡുൽക്കൽ ട്രോഫി പരമ്പരയിൽ ഇരുടീമുകളും ഓരോ മത്സരം ജയിച്ച് സമനിലയിലാണ്.

✪✪✪

വിംബിൾഡൺ പുരുഷ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നർ സെമിഫൈനലിൽ പ്രവേശിച്ചു. 24 തവണ ഗ്രാൻഡ് സ്ലാം ചാമ്പ്യനായ നൊവാക് ജോക്കോവിച്ചിനെ സിന്നർ നേരിടും.

നിലവിലെ ചാമ്പ്യൻ കാർലോസ് അൽകാരസും, സെമിയിൽ പ്രവേശിച്ചു. വനിതാ സിംഗിൾസിൽ, ലോക ഒന്നാം നമ്പർ താരം ഇഗ സ്വിയടെകും സെമിയിലെത്തിയിട്ടുണ്ട്.

✪✪✪

മാഡ്രിഡിൽ ലോകകപ്പ് അമ്പെയ്ത്ത് ഫൈനലിൽ മറ്റന്നാൾ ഇന്ത്യ ചൈനീസ് തായ്പേയിയെ നേരിടും. ജ്യോതി സുരേഖ വെന്നം, പർണീത് കൗർ, പ്രിതിക എന്നിവരടങ്ങുന്ന ടീം ഇന്തോനേഷ്യയെ തോല്പിച്ചാണ് ഫൈനലിലെത്തിയത്.

✪✪✪

കോഴിക്കോട് കാക്കാടം പൊയിലിൽ ആനയിറങ്ങി വീടിന്റെ ഷീറ്റുകൾ തകർത്തു. വനം വകുപ്പ് വാച്ചർമാർ സ്ഥലത്തെത്തി ആനയെ കാട്ടിലേക്ക് തുരത്തി.

കണ്ണൂർ ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട കോളിക്കൽ ഭാഗത്തും ജനവാസ മേഖലയോട് അടുത്ത് കാട്ടാനയിറങ്ങി. ആനകളെ വനത്തിലേക്ക് തുരത്താൻ വനം വകുപ്പ് ഉദ്യോഗസ്ഥർ ശ്രമം തുടരുകയാണ്. പന്നിയോട്, ചെന്നപ്പൊയിൽ, കോളിക്കൽ, പറമ്പുക്കാവ് ഉന്നതിവാസികൾ ജാഗ്രത പാലിക്കണമെന്നു വനം വകുപ്പ് അധികൃതർ അറിയിച്ചു.

✪✪✪

പ്രസിദ്ധമായ ആറന്മുള വള്ളസദ്യ ആരംഭിക്കാൻ ഇനി രണ്ടു നാൾ മാത്രം. വള്ളസദ്യക്കായി അടുപ്പിൽ അഗ്നി പകരുന്ന ചടങ്ങ് നാളെ രാവിലെ 9.30-യ്ക്കാണ്.  ഈ മാസം 13 മുതൽ ഒക്ടോബർ രണ്ട് വരെയാണ് വള്ള സദ്യ.

ഞായറാഴ്ച രാവിലെ 11ന് മന്ത്രി വീണാജോർജ് ഉദ്ഘാടനം ചെയ്യും.

✪✪✪

രാഷ്ട്ര ഭാഷാ വേദി സംസ്ഥാന സമിതി പഴയവരും പുതിയവരുമായ എഴുത്തുകാരുടെ ഹിന്ദി രചനകൾ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ആദ്യ കൃതിയായി രത്നാ രാജീവിന്റെ കവിതകൾ പ്രസിദ്ധീകരിക്കുമെന്ന് സമിതി കോഴിക്കോട്ട് അറിയിച്ചു.

✪✪✪

ശബരിമലയിൽ നാളെ നട തുറക്കും. ശബരിമലയിലെ പുതിയ നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠാ ചടങ്ങുകൾ ഈ മാസം 13ന് നടത്തും.

മറ്റന്നാൾ പ്രതിഷ്ഠയോടനുബന്ധിച്ച പ്രത്യേക പൂജകളും, പ്രതിഷ്ഠാദിനമായ 13ന് രാവിലെ 11 നും 12 നും  മധ്യേ കന്നിരാശി മുഹൂർത്തത്തിൽ പ്രതിഷ്ഠാ കർമ്മവും നടത്തും. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിക്കുന്നത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs:  അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*